I ഇ.ബി. XIII- കേരള നിയമസഭ/IX-9

## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 20, വ്യാഴം

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

മി. സ്പീക്കർ: ഇന്ന് ചെയറിന്റെ പരിഗണനയ്ക്ക് വന്നിരിക്കുന്ന അടിയന്തര പ്രമേയ നോട്ടീസിലെ വിഷയം 13.06.2013-ന് അടിയന്തര പ്രമേയമായും 14.06.2013-ന് സബ്മിഷനായും 17.06.2013, 18.06.2013, 19.06.2013 എന്നീ തീയതികളിൽ അടിയന്തര പ്രമേയമായും സഭയിൽ ഉന്നയിച്ചതാണ്. “An adjournment motion on a matter which is substantially identical with the one already raised by an adjournment motion, consent to the moving of which has been withheld by the Speaker or leave of the House to the moving of which has been refused

during the same session, is not in order.'' എന്ന് ശക്ധർ ആന്റ് കൗളിൽ വ്യക്തമായി പറയുന്നുണ്ട്. എന്നിരുന്നാലും ഇന്നത്തെ അടിയന്തര പ്രമേയം അനുവദിക്കുന്നതാണ്. നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് hear say evidence-ന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് നോട്ടീസ് തന്നിരിക്കുന്നത്. സമാധാനപരമായി സഭ പോകണമെന്നും ചർച്ച നടക്കണമെന്നും അടിയന്തര പ്രമേയത്തിന്മേൽ ഗവൺമെന്റിന് മറുപടി പറയാനുള്ള അവസരമുണ്ടാകണമെന്നുമുള്ള സദുദ്ദേശത്തിലാണ് ചെയർ ഇത് അനുവദിക്കുന്നത്.

## ടീം സോളാർ കമ്പനിയുടെ തട്ടിപ്പ്

മി. സ്പീക്കർ: ടീം സോളാർ കമ്പനിയുടെ പ്രചാരണത്തിനായി സരിത എസ്. നായർ മുഖ്യമന്ത്രിയിൽനിന്നും ലെറ്റർപാഡിൽ ശുപാർശ കത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും അതിനായി പേഴ്സണൽ സ്റ്റാഫ് അംഗത്തിന് പണം നൽകിയതായും മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ കുടുംബകാര്യങ്ങളോടൊപ്പം കമ്പനിയുടെ ബിസിനസ് കാര്യങ്ങളും സംസാരിച്ചിട്ടുണ്ടായിരുന്നുവെന്നും ബിജു രാധാകൃഷ്ണൻ തന്റെ അഭിഭാഷകൻ വഴി വെളിപ്പെടുത്തിയിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അടിയന്തര പ്രമേയ നോട്ടീസിന് മറുപടി പറയുന്നതിനുമുമ്പ് ഇന്നലെ (19.06.2013) ഉണ്ടായ ദുരനുഭവത്തെക്കുറിച്ചു കൂടി ഓർമ്മിപ്പിക്കുകയാണ്.

(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി ബഹളം വച്ചതിനാൽ സഭ രാവിലെ 9.40-ന് അൽപ്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുകയും 11.10-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു.)

മി. സ്പീക്കർ: സഭയിൽ ആശാസ്യമല്ലാത്ത കാര്യങ്ങൾ നടക്കുന്നത് അംഗങ്ങളെ ഓർമ്മപ്പെടുത്തേണ്ട കാര്യമില്ല. ഇന്ന് സഭയിൽ നടക്കുന്ന സംഭവങ്ങൾ ലോകം മുഴുവൻ കണ്ടുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യകരമായ ഇത്തരം സംഭവങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു. ജനപ്രതിനിധികളും ജനനേതാക്കളും കുറച്ചുകൂടി ആത്മസംയമനം പാലിക്കണം. കാലവർഷക്കെടുതിമൂലം കേരളത്തിലെ ജനങ്ങൾ ദുരിതമനുഭവിക്കുകയും. നിരവധി വീടുകൾക്ക് നാശനഷ്ടം സംഭ വിക്കുകയും മലമുകളിലും താഴ്വാരത്തും ചെറിയ വീടുകളിൽ താമസിക്കുന്ന ആദിവാസി സഹോദരങ്ങളും സാധാരണക്കാരും ഇന്ന് വെള്ളപ്പൊക്ക ഭീഷണി നേരിടുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. അത്തരം ഒരു സാഹചര്യത്തിൽ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതിനുപകരം പ്രയോറിറ്റി നിശ്ചയിക്കുന്നതിൽ

നമുക്ക് തെറ്റുപറ്റി എന്ന് നിങ്ങളിലൊരാളെന്ന നിലയിൽ ഖേദപൂർവ്വം ഞാൻ സഭയെ അറിയിക്കുന്നു.

**അടിയന്തര പ്രമേയം (തുടർച്ച)**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അൺപാർലമെന്ററിയായ ഒരു വാക്കും ഞാൻ പറഞ്ഞിട്ടില്ല. അൺപാർലമെന്ററി വാക്കുകൾ ഉണ്ടെങ്കിൽ പിൻവലിക്കാം. മുൻ എസ്.എഫ്.ഐ. പ്രവർത്തകനും സി.പി.എം.ന്റെ നേതൃത്വത്തിലുള്ള ഓൾ ഇൻഡ്യാ ലായേഴ്സ് യൂണിയന്റെ മെമ്പറുമായിരുന്ന അഡ്വക്കേറ്റ് ബി. എൻ. ഹസ്ക്കറും ബിജു വി. രാധാകൃഷ്ണൻ, സരിതാ എസ്. നായർ എന്നിവരോടൊപ്പം ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ 41 ലക്ഷം രൂപയുടെ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സിൽ കൂട്ടുപ്രതിയാണ്. മുഖ്യമന്ത്രിയുടെ ശുപാർശ കത്തൊന്നും പ്രതികൾ ഹാജരാക്കിയിട്ടില്ല. മുഖ്യമന്ത്രി അങ്ങനെ ഒരു കത്ത് കൊടുത്തിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. കേരളത്തിലെ ഉന്നതരായ ഓഫീസർമാരെ ഉൾപ്പെടുത്തി കേസന്വേഷണം കുറ്റമറ്റ രീതിയിൽ കൊണ്ടുപോകുന്നുണ്ട്. ഈ കേസിന്റെ അന്വേഷണം മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. അനെർട്ടിന്റെ പാനലിൽ ഉൾപ്പെടുത്തേണ്ട കമ്പനികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നിർബന്ധമാണ്. ശ്രീ. ആർ. വി. ജി. മോനോന്റെ നേതൃത്വത്തിലുള്ള സമിതി പബ്ളിസിറ്റിക്കുവേണ്ടിയാണ് ആദ്യം മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ സ്ഥാപിച്ചത്. അനെർട്ടിന്റെ ലിസ്റ്റിലില്ലാത്ത കമ്പനികൾക്ക് ഒരു

കാരണവശാലും കേരളത്തിന്റെ സോളാർ പാനൽ പദ്ധതിയിൽ പങ്കാളികളാകാൻ സാധ്യമല്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടി പക്ഷപാതപരവും ഏകപക്ഷീയവുമാണ്. കുറ്റവാളികളെ കുറ്റവാളികളായി കാണുന്നതിനുപകരം അവരുടെ രാഷ്ട്രീയ ബന്ധം വെളിപ്പെടുത്തുന്ന സമീപനത്തോട് യോജിക്കാൻ കഴിയില്ല. മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് 10,000 കോടി രൂപയുടെ തട്ടിപ്പ് നടന്നിരിക്കുന്നുവെന്ന് പറഞ്ഞ ചീഫ്വിപ്പ് ഇക്കാര്യം ഇതുവരെ നിഷേധിച്ചിട്ടില്ല. അനെർട്ടിന്റെ ലിസ്റ്റിൽ പെടാത്ത ഒരു സ്ഥാപനം മുഖ്യമന്ത്രിയുടെ ഓഫീസിൽ എങ്ങനെയാണ് സോളാർ പാനൽ സ്ഥാപിച്ചത് എന്നത് സംബന്ധിച്ച് വ്യക്തമായ ഉത്തരം നൽകാൻ കഴിഞ്ഞിട്ടില്ല. പ്രതിയുടെ അഭിഭാഷകൻ നടത്തിയ വെളിപ്പെടുത്തലുകൾ മൊഴിയായി സ്വീകരിച്ച് പ്രതികളെ അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ ചെയ്യണം. മുഖ്യമന്ത്രിയുടെ പേര് ഉപയോഗിച്ച് ടീം സോളാർ കമ്പനി പ്രവർത്തിച്ചതായി എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ടിന് തട്ടിപ്പിനിരയായ വ്യക്തി പരാതി കൊടുത്തിരിക്കുകയാണ്. പി. ആർ. ഡി. ഡയറക്ടർ ശ്രീ. ഫിറോസിന്റെ സ്വാധീനംകൊണ്ട് ടീം സോളാർ കമ്പനിയുടെ എംബ്ലം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഒരു പ്രസിദ്ധീകരണത്തിൽ ഉപയോഗിച്ചതു സംബന്ധിച്ച് അന്വേഷിക്കണം. മുഖ്യമന്ത്രിയുടെ ഓഫീസിലെ ചിലരെ സസ്പെൻഡ് ചെയ്തെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തിട്ടില്ല. ഗൺമാനെ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും മാറ്റി നിറുത്തിയതല്ലാതെ സസ്പെന്റ് ചെയ്യുകയോ അറസ്റ്റ് ചെയ്ത് ചോദ്യം

ചെയ്യുകയോ ചെയ്തിട്ടില്ല. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ മാന്യതയും വിശ്വാസ്യതയും കാത്തുസൂക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല. ബിജു വി. രാധാകൃഷ്ണനുമായി മുഖ്യമന്ത്രി നടത്തിയ രഹസ്യ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തിയിട്ടില്ല. ലീലാ പാലസ് ഹോട്ടലിൽനിന്നും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള നേതാക്കളുമായി ബിജു വി. രാധാകൃഷ്ണൻ സംസാരിച്ചിരുന്നുവെന്ന വാർത്തപോലും നിഷേധിച്ചിട്ടില്ല. അനധികൃത സൗരോർജ്ജ പാനൽ കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവരെ നിയന്ത്രിക്കണമെന്നുമുള്ള അനെർട്ടിന്റെ നിർദ്ദേശങ്ങൾ മറികടന്നാണ് അംഗീകാരമില്ലാത്ത സ്ഥാപനത്തെ മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കാൻ അനുവദിച്ചത്. മുഖ്യമന്ത്രിയുടെ ഗൺമാൻ നിരവധി തട്ടിപ്പ് കേസുകളിൽ പ്രതിയായിരുന്നു. കേരള പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിന് സരിത എസ്. നായർ 40 ലക്ഷം രൂപയാണ് സ്പോൺസർ ചെയ്തത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ബിജു രാധാകൃഷ്ണൻ വണ്ടിച്ചെക്ക് നൽകിയതിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പ്രതികൾക്ക് മുഖ്യമന്ത്രിയുടെ ഓഫീസുമായുള്ള ബന്ധം, ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകൾ, ബിജു രാധാകൃഷ്ണന്റെ മൊഴി എന്നിവ പരിശോധിക്കുമ്പോൾ പ്രതിപക്ഷം ഉന്നയിക്കുന്ന ആക്ഷേപങ്ങളെല്ലാം സത്യമാണെന്ന് തെളിയുകയാണ്. എന്നാൽ ജുഡീഷ്യൽ അന്വേഷണം നടത്താതെ ഇക്കാര്യങ്ങൾ തെളിയിക്കാൻ സാധിക്കില്ല. ജുഡീഷ്യൽ അന്വേഷണം വേണ്ടെന്ന് വാദിക്കുന്നത് ആരെയൊക്കെയോ രക്ഷിക്കാൻ വേണ്ടിയാണ്. കേരളത്തിലെ ജനങ്ങളുടെ ആശങ്കകൾ പുറത്തുകൊണ്ടുവരുന്നതിൽ

പ്രതിപക്ഷം ശക്തമായ നിലപാട് സ്വീകരിക്കുകയും സഭയ്ക്ക് അകത്തും പുറത്തും ശക്തമായ പ്രതിക്ഷേധവുമായി മുന്നോട്ടുപോകുകയും ചെയ്യും. ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ജനപഥത്തിന്റെ കവർ ചിത്രത്തെ സംബന്ധിച്ച് ഉന്നയിച്ച ആരോപണങ്ങൾ ഗവൺമെന്റ് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. സോളാർ പാനലിന്റെ ക്യാമ്പയിന് വേണ്ടി 'സൂര്യ കേരളം' പദ്ധതിയുടെ ഉദ്ഘാടന പരിപാടിയായി മുഖ്യമന്ത്രിയുടെ ഓഫീസിൽ സി-ഡിറ്റ് സോളാർ പാനൽ സ്ഥാപിച്ചതിന് 2,20,000 രൂപയാണ് ആകെ ചെലവഴിച്ചത്. ഈ പദ്ധതിയുടെ പൂർണ്ണ ഉത്തരവാദിത്തം സി-ഡിറ്റിനും അതിന്റെ ചുമതലയുള്ള മന്ത്രിക്കുമാണ്. അവിഹിതമായി ഇതിൽ ഒന്നും നടന്നിട്ടില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കേരള പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിന് സരിത എസ്. നായർ ഒരു പരിപാടിയും സ്പോൺസർ ചെയ്തിട്ടില്ലെന്നാണ് അസോസിയേഷൻ അറിയിച്ചിട്ടുള്ളത്. ഈ കേസിലെ മുഖ്യപ്രതിയിൽനിന്നും കിട്ടുന്ന മൊഴിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാവരേയും അന്വേഷണ സംഘം ചോദ്യം ചെയ്യും. ബിജു രാധാകൃഷ്ണനെതിരായിട്ടുള്ള കേസുകളിന്മേൽ അന്വേഷണം നടത്തിയതിൽ ഒരു കൊലപാതക കേസ് ഇപ്പോൾ കണ്ടുപിടിച്ചിരിക്കുകയാണ്. ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2010-ൽ ആലപ്പുഴയിൽ നടത്തിയ ഒരു തട്ടിപ്പുമായി ബന്ധപ്പെട്ട് ബിജു രാധാകൃഷ്ണൻ, സരിത എസ്. നായർ, ബിജു രാധാകൃഷ്ണന്റെ വക്കീൽ എന്നിവരെ പ്രതികളാക്കി കേസെടുത്തിരുന്നതിൽ മൂന്നാം പ്രതിയുടെ രാഷ്ട്രീയ സ്വാധീനത്തിന്റെ പേരിൽ ഒരു നടപടിയും അന്ന് ഉണ്ടായില്ലെന്ന് പരാതിക്കാരൻ പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് ലെറ്റർ പാഡ് മോഷണം പോയതായി അറിവില്ല. എമർജിംഗ് കേരളയിൽ ടീം സോളാർ കമ്പനിയെ ഉൾപ്പെടുത്താൻ കത്ത് കൊടുത്തിട്ടില്ല. സി-ഡിറ്റിന്റെ സൂര്യകേരളം പദ്ധതിയുടെ പ്രചരണ ത്തിന്റെ ഭാഗമായിട്ടാണ് മുഖ്യമന്ത്രിയുടെ ഓഫീസിലും വീട്ടിലും ഗവൺമെന്റ് ഓഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള ഒരു കമ്പനിയുടെ സോളാർ പാനൽ സ്ഥാപിച്ചത്. അനെർട്ടിൽ കമ്പനികൾ എംപാനൽ ചെയ്യുന്നതിന് മുമ്പാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്. ബിജു രാധാകൃഷ്ണന്റെ ഭാര്യ രശ്മിയുടെ കൊലപാതകം സംബന്ധിച്ച് അന്വേഷണം വൈകിയത് ഫോറൻസിക് ലാബ് റിപ്പോർട്ട് കിട്ടാത്തതിനാലാണെന്ന വാദം പരിഹാസ്യമാണ്. എന്നാൽ പ്രതിയെ അറസ്റ്റ് ചെയ്ത് മൂന്നര മണിക്കൂർകൊണ്ട് സത്യം പുറത്തുകൊണ്ടുവരാൻ ഈ ഗവണ്മെന്റിന് സാധിച്ചു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(മുഖ്യമന്ത്രിയുടെ മറുപടിയിലെ പരാമർശം പിൻവലിക്കണമെന്നും മുഖ്യമന്ത്രി രാജി വയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുവിട്ട് സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും

സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയും അജണ്ടയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ

ചട്ടം 47(2) പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി V-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

## 2013–2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും (247,41,32,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (1463,82,43,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം (291,32,95,000 രൂപ)

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് (2153,44,03,000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX -ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാത്തതിനാൽ ചർച്ചയില്ല.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**മുഖ്യമന്ത്രിയുടെ പ്രമേയം**

സഭാ സമ്മേളനം റദ്ദ് ചെയ്യുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനത്ത് കനത്ത കാലവർഷം അനുഭവപ്പെടുന്നതിനാൽ ഇപ്പോഴത്തെ സ്ഥിതിഗതികൾ ചർച്ച ചെയ്യുന്നതിനായി ഇന്ന് പ്രത്യേക മന്ത്രിസഭാ യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലകളിൽ ആവശ്യമായ ദുരിതാശ്വാസ നടപടികൾ

സ്വീകരിക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എം. എൽ. എ. മാർക്ക് അവരവരുടെ നിയോജകമണ്ഡലങ്ങളിൽ പോകാൻ അവസരമുണ്ടാകുന്നതിനുവേണ്ടി നാളത്തെ സഭാസമ്മേളനം റദ്ദ് ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു

സഭ ഉച്ചയ്ക്ക് 12.11-ന് പിരിഞ്ഞു.

--------